പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ :*277    12/10/2011-ൽ മറുപടിക്ക്

## ജനകീയ സാംസ്ക്കാരിക കൂട്ടായ്മകൾ

ചോദ്യം | മറുപടി

ശ്രീ. ഇ. കെ. വിജയൻ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. പി. തിലോത്തമൻ

ശ്രീ .കെ .സി ജോസഫ്
ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പ്രാചീനമായി നിലനിന്നിരുന്ന പല സാംസ്ക്കാരിക അടയാളങ്ങളും – നാടൻ കലകൾ, കാവുകൾ, പുരാവസ്തുക്കൾ, ആചാരാനുഷ്ഠാനങ്ങൾ, പ്രാചീന കേന്ദ്രങ്ങൾ മുതലായവ ഇപ്പോൾ പലതരം അപര്യാപ്തതകളാലും പുതുതലമുറയുടെ താല്പര്യമില്ലായ്മ മൂലവും നിലനിൽപ്പിന് ഭീഷണികൾ നേരിടുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇത്തരം സാംസ്ക്കാരിക അടയാളങ്ങളെ പുനരുജ്ജീവിപ്പിക്കാനും സംരക്ഷിക്കുവാനും തലമുറകളിലേയ്ക്ക് കൈമാറാനും ഉതകുന്ന വിധത്തിൽ പ്രാദേശിക തലങ്ങളിൽ ജനകീയ സാംസ്ക്കാരിക കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) & സി) | കേരളത്തിന്റെ സാംസ്ക്കാരിക പൈതൃക നിർമ്മിതികളുടെയും മറ്റ് സാംസ്ക്കാരിക അവശിഷ്ടങ്ങളുടെയും സംരക്ഷണം മുൻനിർത്തി സംസ്ഥാന പുരാവസ്തു വകുപ്പ് നിരവധി കൊട്ടാരങ്ങളും കോട്ടകളും സ്മാരകങ്ങളും മഹാശിലാ സ്മാരകങ്ങളും സംരക്ഷിക്കുന്നുണ്ട് . ഇക്കാര്യങ്ങളിൽ കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കേരളഫോക് ലോർ അക്കാദമി സാംസ്ക്കാരിക സ്ഥാപനങ്ങൾ,ഗ്രാമീണ ഫോക് ലോർ ക്ലബ്ബുകൾ എന്നിവയുമായി സഹകരിച്ച് ജനകീയ പങ്കാളിത്തം ഉറപ്പാക്കി നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.സ്കൂളുകളിൽ ഫോക് ലോർ ക്ലബ്ബുകൾ രൂപീകരിക്കുക,ഗ്രാമീണ ക്ലബ്ബുകൾക്ക് അഫിലിയേഷൻ നൽകി നാടൻകലകളെയും സാംസ്ക്കാരിക പാരമ്പര്യത്തെയും പരിരക്ഷിക്കുക,വിപുലമായ രീതിയിൽ നാടൻകലാ ഗ്രാമങ്ങൾ വിവിധ ഗ്രാമങ്ങളിൽ രൂപീകരിക്കുക തുടങ്ങിയവ ആ അക്കാദമിയുടെ പ്രവർത്തനങ്ങളിൽ വരുന്നുണ്ട് . കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കി ,എല്ലാ സാംസ്കാരിക സ്ഥാപനങ്ങളെയും സന്നദ്ധപ്രസ്ഥാനങ്ങളെയും സഹകരിപ്പിച്ച് ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| സി) | ഇതിനായി സാംസ്ക്കാരിക സ്ഥാപനങ്ങളേയും സന്നദ്ധ പ്രസ്ഥാനങ്ങളേയും സഹകരിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ